# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1226** **07.06.2018 ൽ മറുപടിക്ക്**

## റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളിൽ എന്തെല്ലാം ആധുനിക ഉത്പന്നങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഉപയോഗിച്ച് വരുന്നതെന്ന് വിശദമാക്കാമോ; | (എ) പൊതുമരാമത്തു വകുപ്പ്, റോഡ് നിർമ്മാണത്തിനായി N.R.M.B.(Natural Rubber Modified Bitumen), ശുദ്ധീകരിച്ച വേസ്റ്റ് പ്ലാസ്റ്റിക്, കയർ ഭൂവസ്ത്രം, സിന്തറ്റിക് ജിയോ ടെക്സ്റ്റൈയിൽസ് എന്നീ ഉത്പന്നങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഉപയോഗിച്ച് വരുന്നത്. |
| (ബി) ചെലവ് കുറഞ്ഞതും റെഡിമെയ്ഡ് രൂപത്തിലുള്ളതുമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് വരുന്നുണ്ടോ; എങ്കിൽ ഇതിന് പരമ്പരാഗത നിർമ്മാണ സാമഗ്രികളെക്കാൾ എന്തെല്ലാം ഗുണങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) ചെലവ് കുറഞ്ഞതും, റെഡിമെയ്ഡ് രൂപത്തിലുള്ളതുമായ അസംസ്കൃത വസ്തുക്കൾ റോഡ് നിർമ്മാണത്തിനായി ഉപയോഗിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ശുദ്ധീകരിച്ച വേസ്റ്റ് ഷ്രെഡഡ് പ്ലാസ്റ്റിക്, കയർ ജിയോ ടെക്സ്റ്റൈയിൽസ്, സിന്തറ്റിക് ജിയോ ടെക്സ്റ്റൈയിൽസ് മുതലായ നൂതന നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കുന്നുണ്ട്. പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിലൂടെ റോഡുകളുടെ ആയുസ്സ് വർദ്ധിപ്പിക്കുവാൻ സാധിക്കുന്നു. റോഡിന്റെ അടിത്തറയ്ക്ക് ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ജിയോ ടെക്സ്റ്റൈയിൽസ്, സിന്തറ്റിക് ജിയോ ടെക്സ്റ്റൈയിൽസ് എന്നിവ ഉപയോഗിക്കുന്നതു വഴി റോഡിന്റെ അടിത്തറയുടെ ഉറപ്പ് വർദ്ധിക്കുന്നതു വഴി റോഡിന്റെ ആയുസ്സ് വർദ്ധിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ